ഭരണഭാഷ-മാതൃഭാഷ

നം.കെ.എസ്.എ/എം.എൽ.പി.3/693/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലബാർ ദേവസ്വം ഓഡിറ്റ് മേഖലാ കാര്യാലയം
പാലക്കാട്
തിയ്യതി : 10.11.2025
ഫോൺ : 04912 527448
email: hrepalakkad@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

എക്സിക്യൂട്ടീവ് ഓഫീസർ
ശ്രീപാലക്കീഴ് ഭഗവതി ദേവസ്വം
മുണ്ടൂർ
പാലക്കാട്

സർ,

വിഷയം: **മുണ്ടൂർ, ശ്രീപാലക്കീഴ് ഭഗവതി ദേവസ്വത്തിന്റെ 2020 മുതൽ 2024 വരെയുള്ള** വർഷങ്ങളിലെ വാർഷിക കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്ന **ശ്രീപാലക്കീഴ് ഭഗവതി ദേവസ്വത്തിന്റെ 2020 മുതൽ 2024 വരെയുള്ള** വർഷങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് അയക്കുന്നു. ഈ റിപ്പോർട്ടിനുള്ള മറുപടി കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15[1] അനുസരിച്ച് ഈ റിപ്പോർട്ട് കിട്ടി രണ്ടു മാസത്തിനകം ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന).
2. പ്രസിഡന്റ്, മലബാർ ദേവസ്വം ബോർഡ്, കോഴിക്കോട് (ഉപരിപത്രം സഹിതം) (കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ് മുഖാന്തിരം)
3. അസിസ്റ്റന്റ് കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്, പാലക്കാട്
4. ഓഫീസ് പകർപ്പ്

//സി.പി//

നം.കെ.എസ്.എ/എം.എൽ.പി.3/693/2025 തീയതി : 10.11.2025

പാലക്കാട് ജില്ല, പാലക്കാട് താലൂക്ക്, മുണ്ടൂർ വില്ലേജിലെ ശ്രീപാലക്കിഴ് ഭഗവതി ദേവസ്വത്തിന്റെ 2020 മുതൽ 2024 വരെയുള്ള വർഷങ്ങളിലെ വാർഷിക കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിനു ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും	ശ്രീ. തുളസീദാസ്. വി.ജി, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റ് ചെയ്ത ഉദ്യോഗസ്ഥർ	ശ്രീ.എൻ.സുമേഷ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) ശ്രീ.ജിജീഷ്.എ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ ശ്രീ.കൃഷ്ണദാസ്.എൻ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ ശ്രീ. സുനിൽ കുമാർ. എൻ.വി, ഓഡിറ്റർ
ഓഡിറ്റ് വർഷം	2020 മുതൽ 2024 വരെ
ഓഡിറ്റിനു വിനിയോഗിച്ച ദിവസങ്ങൾ	16.9.25 മുതൽ 29.9.25 വരെ
ഓഡിറ്റ് കാലയളവിലെ ക്ഷേത്ര ഭരണാധികാരിയുടെ പേരും തസ്തിക പേരും	1. ശ്രീ.എ.കെ.മോഹൻദാസ്- മാനേജിംഗ് ട്രസ്റ്റി, 01-01-2020 മുതൽ 21.9.2020 വരെ 2. ശ്രീ.കെ.ജിതേഷ്, എക്സിക്യൂട്ടീവ് ഓഫീസർ 22.9.2020 മുതൽ 11.8.2021 വരെ 3. ശ്രീ.ശശികാന്ത്.കെ, എക്സിക്യൂട്ടീവ് ഓഫീസർ 12.8.2021 മുതൽ 31.12.2024 വരെ

ഭാഗം –1

1-1 ബജറ്റ്

1951-ലെ ഹിന്ദുമത ധർമ്മസ്ഥാപന നിയമം വകുപ്പ് [70(1)], മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 29.12.2010 തിയതിയിലെ ജെ5-9364/09/MDB(1) സർക്കുലർ എന്നിവ പ്രകാരം കലണ്ടർ വർഷാരംഭത്തിന് 2 മാസം മുൻപ് അതായത് **ഒക്ടോബർ 31 നകം അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കി** അംഗീകാരത്തിന് സമർപ്പിക്കേണ്ടതും അംഗീകാരത്തിനു വിധേയമായി മാത്രമേ ചെലവുകൾ ചെയ്യാവൂ എന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ സർക്കുലർ പ്രകാരം യഥാസമയം ബജറ്റ് സമർപ്പിച്ച് അംഗീകാരം വാങ്ങാത്ത ക്ഷേത്രങ്ങളുടെ ചെലവ് നിയമാനുസൃതം ആയിരിക്കില്ല എന്നും ആയതിന് ബന്ധപ്പെട്ടവർ വ്യക്തിപരമായി ഉത്തരവാദികളായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. ദേവസ്വത്തിന്റെ 2020 വർഷത്തെ ബജറ്റിന് മലബാർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണറുടെ 9.7.20 ലെ എ 5/1039/20/എം.ഡി.ബി.(ഡി.ഡിസ്)

നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭ്യമായിട്ടുണ്ട്. 2020 വർഷത്തിൽ ബജറ്റിൽ അധികമായ ചെലവുകൾ ഇല്ല.

2021, 2022, 2023, 2024 വർഷങ്ങളിലെ ബജറ്റുകൾക്ക് മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരം ലഭ്യമായിട്ടില്ല. 2021-2023 വർഷങ്ങളിലെ യഥാർത്ഥ വരവ് ചെലവ് കണക്കുകൾ 18.11.24-ന് അംഗീകാരത്തിന് സമർപ്പിച്ചുവെങ്കിലും ആയതിന് ഇതുവരെ അംഗീകാരം ലഭ്യമായിട്ടില്ല. ടി ചെലവുകൾക്ക് മലബാർ ദേവസ്വം ബോർഡിന്റെ സാധൂകരണം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-2 വാർഷിക കണക്കുകൾ

ദേവസ്വത്തിന്റെ 2020 മുതൽ 2024 കൂടിയുള്ള വർഷങ്ങളിലെ കണക്കുകൾ (ഉത്സവം ഉൾപ്പെടെ) 11.3.25-നാണ് ലഭ്യമാക്കിയിട്ടുള്ളത്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9, ഉപവകുപ്പ് (1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 15(3) എന്നിവ പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകവും **സാമ്പത്തിക വർഷം ബാധകമല്ലാത്ത സ്ഥാപനത്തിന് അക്കൗണ്ടിംഗ് വർഷം അവസാനിച്ച് 4 മാസത്തിനകവും** വാർഷിക കണക്കുകൾ ഓഡിറ്റിനായി അയച്ചു തരേണ്ടതാണ്. വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിന് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-3 ക്ഷേത്ര ഭരണം

ശ്രീപാലക്കീഴ് ഭഗവതി ക്ഷേത്രത്തിൽ പാരമ്പര്യ ട്രസ്റ്റി ബോർഡ് നിലവിലില്ല. ഒറ്റപ്പാലം സബ് കോടതിയിലെ ഒ.എസ്.34/60 നമ്പർ കേസിന്റെ തീരുമാനപ്രകാരം 3.7.1971-ൽ ക്ഷേത്രത്തിന്റെ ഭരണ ചുമതല പാരമ്പര്യേതര ട്രസ്റ്റിമാരെ ഏല്പിക്കുകയുണ്ടായി. 14.9.20-ൽ നിലവിലുണ്ടായിരുന്ന പാരമ്പര്യേതര ട്രസ്റ്റിമാരുടെ കാലാവധി അവസാനിച്ചതിനെ തുടർന്ന് മലബാർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണറുടെ 15.9.20 ലെ എ 5/5511/2018/എം.ഡി.ബി നം. ഉത്തരവ് പ്രകാരം ക്ഷേത്രത്തിൽ നിലനിന്നിരുന്ന പ്രത്യേക സാഹചര്യം പരിഗണിച്ച് ക്ഷേത്ര ചുമതല എക്സിക്യൂട്ടീവ് ഓഫീസർക്ക് കൈമാറി.
ഓഡിറ്റ് കാലയളവിലെ പാരമ്പര്യേതര ട്രസ്റ്റിമാരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

എ) മലബാർ ദേവസ്വം പാലക്കാട്, അസിസ്റ്റന്റ് കമ്മീഷണറുടെ എ 5-1579//2016 തിയ്യതി 15.9.2018 പ്രകാരം ഉത്തരവ് തിയ്യതി മുതൽ 2 വർഷത്തേക്ക് നിയമിച്ച പാരമ്പര്യേതര ട്രസ്റ്റിമാരുടെ പേരുവിവരം ചുവടെ കൊടുക്കുന്നു.

1) ശ്രീ.എ.കെ.മോഹൻദാസ്, മാനേജിംഗ് ട്രസ്റ്റി, S/o. കൃഷ്ണൻ, ആനപ്പാറ വീട്, നൊച്ചിപ്പുള്ളി.

2) ശ്രീ.കെ.കെ.രവീന്ദ്രനാഥൻ

3) ശ്രീ. കെ.ഗോപീദാസ്

മേൽ ഉത്തരവ് പ്രകാരം നടത്തിയ ആദ്യ യോഗത്തിൽ ശ്രീ.എ.കെ.മോഹൻദാസിനെ മാനേജിംഗ് ട്രസിറ്റിയായി തിരഞ്ഞെടുത്തു.

ബി) മലബാർ ദേവസ്വം പാലക്കാട്, അസിസ്റ്റന്റ് കമ്മീഷണറുടെ 11.1.21-ലെ എ 5/2780/2021/എം.ഡി.ബി (ഡി.ഡിസ്) ഉത്തരവ് പ്രകാരം താഴെ പറയുന്നവരെ ഉത്തരവ് തിയ്യതി മുതൽ 2 വർഷത്തേക്ക് പാരമ്പര്യേതര ട്രസ്റ്റിമാരായി നിയമിച്ചിട്ടുണ്ട്.

1. ശ്രീ.സേതുമാധവൻ. പി.എൻ, S/o. ശ്രീ നാരായണൻ, അക്ഷര, പാലക്കീഴ്, മുണ്ടൂർ - 678 592

2. ശ്രീ.വിജയഭാസ്കരൻ.എ.ആർ, S/o. ശ്രീ രവീന്ദ്ര നാഥൻ.എ.ബി, നൊച്ചുപ്പുള്ളി വീട്, മുണ്ടൂർ - 678 592

3. ശ്രീ.കെ.എം.രവീന്ദ്രനാഥൻ, കയ്യറ, കല്ല്യാണി നിവാസ്, നൊച്ചുപ്പുള്ളി വീട്, മുണ്ടൂർ- 678 592

മേൽ ഉത്തരവ് പ്രകാരം 13.1.21 ന് നടത്തിയ ആദ്യ യോഗത്തിൽ ശ്രീ.കെ.എം.രവീന്ദ്രനാഥനെ മാനേജിംഗ് ട്രസിറ്റിയായി തിരഞ്ഞെടുത്തു.

സി) മലബാർ ദേവസ്വം ബോർഡ്, പാലക്കാട്, അസിസ്റ്റന്റ് കമ്മീഷണറുടെ 16.8.23-ലെ എ 5/4916/2022/എം.ഡി.ബി (ഡി.ഡിസ്) നമ്പർ ഉത്തരവ് പ്രകാരം താഴെ പറയുന്നവരെ ഉത്തരവ് തിയ്യതി മുതൽ 2 വർഷത്തേക്ക് പാരമ്പര്യേതര ട്രസ്റ്റിമാരായി നിയമിച്ചിട്ടുണ്ട്.

1. ശ്രീ.ശെൽവരാജ്. വി.സി, വാളയക്കാട്, നൊച്ചുപ്പുള്ളി വീട്, മുണ്ടൂർ- 678 592

2. ശ്രീ, ശ്രീനിവാസൻ.കെ.വി, വാലിപ്പറമ്പ്, കാപ്പിൽ വീട്, മുണ്ടൂർ പി.ഒ, 678 592

3. ശ്രീ. പത്മനാഭൻ.പി.ടി, ശ്രീദേവി സദൻ, മുണ്ടൂർ പി.ഒ, 678 592

26.8.23 ന് നടന്ന ട്രസ്റ്റിമാരുടെ ആദ്യ യോഗത്തിൽ ശ്രീ. പത്മനാഭൻ.പി.ടി-യെ ട്രസ്റ്റി ബോർഡ് ചെയർമാനായി തിരഞ്ഞെടുത്തു.

ഓഡിറ്റ് കാലയളവിലെ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

ക്രമ നം	എക്സിക്യൂട്ടീവ് ഓഫീസറുടെ പേരും മേൽ വിലാസവും	കാലയളവ്
1	ശ്രീ.കെ.ജിതേഷ്, എക്സിക്യൂട്ടീവ് ഓഫീസർ അർച്ചന, മാനന്തവാടി, കുന്ദമംഗലം(പി.ഒ), വയനാട് - 670 645	22.9.2020 മുതൽ 11.8.2021 വരെ
2	ശ്രീ.ശശികാന്ത്.കെ, എക്സിക്യൂട്ടീവ് ഓഫീസർ ഉഷാനിലയം, എലുമ്പുലാശ്ശേരി, കാരാകുറുശ്ശി വഴി പാലക്കാട്- 678 595	12.8.2021 മുതൽ 31.12.2024 വരെ

1-4 ക്ഷേത്രവുമായി ബന്ധപ്പെട്ട ഭൂമിയുടേയും വസ്തുവകകളുടേയും പണ്ടം, പാത്രം തുടങ്ങിയവയെക്കുറിച്ചുമുള്ള നിരീക്ഷണങ്ങൾ

എ)സ്വർണ്ണം, വെള്ളി ഉരുപ്പടികൾ സംബന്ധിച്ച വിവരം

ക്ഷേത്രത്തിലെ സ്വർണ്ണം, വെള്ളി മുതലായ വിലപിടിപ്പുള്ള വസ്തുക്കളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ഇത് ഭരണ വകുപ്പ് ഉദ്യോഗസ്ഥർ അവസാനം പരിശോധിച്ചത് 16.6.23-നാണ്. വെരിഫിക്കേഷൻ ഓഫീസറുടെ 21.7.23-ലെ വി.ആർ. 33/2023/പി.കെ.ഡി/എം.ഡി.ബി നം റിപ്പോർട്ട് പ്രകാരം **315 ഗ്രാം. 140 മില്ലി.ഗ്രാം സ്വർണ്ണ ഉരുപ്പടികളും, 925 ഗ്രാം 400 മില്ലി.ഗ്രാം വെള്ളി ഉരുപ്പടികളും** ദേവസ്വത്തിനുണ്ട്.

ബി)സ്വർണ്ണം വെള്ളി രേഖകൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടില്ല

09.01.2018-ലെ ആർ.ഇ.വി-ഡി.ഇ.വി2/20/2018 നമ്പർ സർക്കാർ കത്ത്, എം.ഡി.ബി . അസിസ്റ്റന്റ് കമ്മീഷണറുടെ 07.05.2018-ലെ A2/1316/2018 നമ്പർ കത്ത് എന്നിവ പ്രകാരം ക്ഷേത്രത്തിലെ വിലപ്പിടിപ്പുള്ള രേഖകൾ (ഭൂമി, സ്വർണ്ണം, വെള്ളി, തിരുവാഭരണം ഉൾപ്പെടെ) ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ആയവ ഡിജിറ്റലൈസ് ചെയ്ത വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സി)ക്ഷേത്രത്തിന്റെ കൈവശമുള്ള ഭൂമി സംബന്ധിച്ച വിവരങ്ങൾ

ക്രമ നം.	സർവ്വേ നം	വില്ലേജ്	വിസ്തീർണ്ണം	റിമാർക്സ്
1	562/1	മുണ്ടൂർ 1	8 are.80 sqmt	-
2	562/2	മുണ്ടൂർ 1	16 are.60 sqmt	-
3	562/3	മുണ്ടൂർ 1	8 are.30 sqmt	-
4	562/4	മുണ്ടൂർ 1	7 are.80 sqmt	-
5	562/6	മുണ്ടൂർ 1	4 are.60 sqmt	-
6	562/7	മുണ്ടൂർ 1	1 are.45 sqmt	-
7	561/10	മുണ്ടൂർ 1	2 are.20 sqmt	-
8*	562/12	മുണ്ടൂർ 1	19 are.50 sqmt	കല്ല്യാണ മണ്ഡപം
9	404/12	മുണ്ടൂർ 1	8 are.9 sqmt	നിലം

*മലബാർ ദേവസ്വം ബോർഡ്, പാലക്കാട് അസിസ്റ്റന്റ് കമ്മീഷണറുടെ 22.1.29-ലെ എ 5-5996/2018/എം.ഡി.ബി നമ്പർ നടപടിക്രമ പ്രകാരം 24.1.19 ന് കല്ല്യാണ മണ്ഡപവും എല്ലാ സ്ഥാവര ജംഗമ വസ്തുക്കളും മാനേജിംഗ് ട്രസ്റ്റിക്ക് അസ്യം ചെയ്ത് കൈമാറി. ആയത് മുണ്ടൂർ I വില്ലേജിൽ ബ്ലോക്ക് നമ്പർ 15, 562/12 ൽ 0.1950 ഹെക്ടർ ഭൂമി പാലക്കീഴ് ഭഗവതി ക്ഷേത്രത്തിനു വേണ്ടി ആഘോഷക്കമ്മറ്റി

പ്രസിഡന്റ് ശ്രീ.ചാമി, സെക്രട്ടറി ശ്രീ.ദണ്ഡായുധപാണി, ശ്രീ.കൃഷ്ണൻകുട്ടി എന്ന പേരിൽ ആണ് BTR-ൽ ഉള്ളത്. ആയത് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-5. പൊതു അവലോകനം

1. ഒക്ടോബർ 31-നകം അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കേണ്ടതും അംഗീകാരത്തിനു വിധേയമായി മാത്രം ചെലവുകൾ ചെയ്യേണ്ടതുമാണ്.
2. അക്കൗണ്ടിംഗ് വർഷം അവസാനിച്ച് 4 മാസത്തിനകം വാർഷിക കണക്കുകൾ പരിശോധനക്കായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്
3. സ്വർണ്ണം, വെള്ളി രേഖകൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
4. ദേവസ്വത്തിന് അർഹമായ വർഷാശനം ലഭ്യമാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. ദേവസ്വത്തിന് അർഹമായ വർഷാശനം ലഭ്യമാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-6 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

വിഗ്രഹ രജിസ്റ്റർ, ഭ്രസ്വത്ത് രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്.

ഭാഗം 2
വരവിനങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ക്യാഷ് വെരിഫിക്കേഷൻ

മുണ്ടൂർ, ശ്രീ പാലക്കീഴ് ഭഗവതി ദേവസ്വത്തിന്റെ 2020 മുതൽ 2024 വരെയുള്ള വർഷങ്ങളിലെ വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.9.25, 11.39am-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. **4,730/-രൂപ** ക്യാഷ് ദേവസ്വം രേഖകളിലെ വരവുമായി പൊരുത്തപ്പെടുന്നുണ്ട്.

2-2 സർക്കാർ ധനസഹായം(grant)

ഇല്ല

2-3 പുതുക്കിയ വർഷാശനം ലഭ്യമായില്ല

ശ്രീപാലക്കീഴ് ഭഗവതി ദേവസ്വം, മുണ്ടൂർ പാലക്കാടിന് Payment Order No. 908/70 Revenue G.O (MS) No. 1095/82 RD 4.12.1982 പ്രകാരം 1988/- രൂപ വർഷാശനം ആയി അനുവദിച്ചിട്ടുണ്ട്. ടി തുക വർദ്ധിപ്പിക്കുന്നതിനും വർഷാശനം 25% വർദ്ധിപ്പിക്കുന്നതിനുള്ള ഉത്തരവ് പ്രകാരം അപേക്ഷാ ഫോം 27 ബി ലാന്റ് ബോർഡ് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്. അപേക്ഷാ തിയതി (5.10.2009). ലാന്റ് ബോർഡ് സെക്രട്ടറിയുടെ എൻ.ബി(ബി10) 8706/09 നമ്പർ കത്തു മുഖേന 16.10.2009 മുതൽ ക്ഷേത്രത്തിലേക്ക് കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിലും ആയതിന്മേൽ ക്ഷേത്ര ഭരണാധികാരികൾ തുടർനടപടി സ്വീകരിച്ചിട്ടില്ല. 8.3.2017, 12.2.18-നും ആയതു സംബന്ധിച്ച് ലാന്റ് ബോർഡ് സെക്രട്ടറിയിൽ നിന്നും കത്തു ലഭ്യമായിട്ടുണ്ട്.

വർഷാശനം വർദ്ധിപ്പിക്കുന്നതിനായി ദേവസ്വങ്ങൾ പാലക്കാട് ഡെപ്യൂട്ടി കളക്ടർ (എൽ.ആർ)-ന് സമർപ്പിച്ച അപേക്ഷയിൽ അന്തിമ/ഇടക്കാല വർഷാശനമാണോയെന്ന് വ്യക്തമാക്കിയിട്ടില്ലായെന്നും അന്തിമ വർഷാശനമാണെങ്കിൽ 2006 മുതൽ മൂന്ന് മടങ്ങ് വർദ്ധിപ്പിച്ച വർഷാശനത്തിനും അതിനുശേഷം ഓരോ 5 വർഷം പൂർത്തിയാകുന്ന മുറക്ക് 25% വർദ്ധിപ്പിച്ച വർഷാശനത്തിനും അർഹതയുള്ളതുകൊണ്ട് ആയത് കൃത്യമായി രേഖപ്പെടുത്തണമെന്നും പാലക്കാട് ഡെപ്യൂട്ടി കളക്ടർ (എൽ.ആർ)-ടെ 18.11.17 ലെ കത്തു പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി മലബാർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണറുടെ 1.12.2017 ലെ എ 3/4618/2017/എംഡിബി പ്രകാരം ക്ഷേത്ര ഭരണാധികാരിക്ക് കത്ത് ലഭ്യമായിട്ടുണ്ട്. ആയതിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

പാലക്കീഴ് ഭഗവതി ദേവസ്വത്തിന് വർദ്ധിപ്പിച്ച വർഷാശനം അനുവദിക്കുന്നതിനായി അപേക്ഷ അസ്സൽ രേഖകൾ സഹിതം 1 മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 16.10.2009 മുതൽ കത്തിടപാടുകൾ നടത്തുന്നതായും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഒരാഴ്ചക്കകം റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് ലാന്റ് ബോർഡ് സെക്രട്ടറിയിൽ നിന്നും 12.2.2018-ന എൽ.ബി.(ബി)10.8706/09 ആയി കത്തു ലഭ്യമായിട്ടുണ്ട്. ആയതിന്മേലും തുടർനടപടി സ്വീകരിച്ചിട്ടില്ല.

Principal Accountant General (A&E), Kerala-യുടെ 4.10.18 ലെ DAE(R)1/18/FA/2018-2019/42 നമ്പർ കത്തു പ്രകാരം ശ്രീ പാലക്കീഴ് ഭഗവതി ക്ഷേത്രത്തിന് 5988.84/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി തുക കൈപ്പറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല.

TSB 3973 നമ്പർ ട്രഷറി പാസ്ബുക്ക് പ്രകാരം അവസാനമായി വർഷാശനം ഇനത്തിൽ വരവ് വന്നത് 23.5.13-ന് 1988/- രൂപയാണ് (2012-ലെ വർഷാശനം). തുടർവർഷങ്ങളിലെ വർഷാശനം വർദ്ധിപ്പിച്ച നിരക്കിൽ മുൻകാല പ്രാബല്യത്തോടെ കൈപ്പറ്റുന്നതിനുള്ള നടപടികൾ അടിയന്തിരമായി

സ്വീകരിക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിക്കേണ്ടതും വർഷാശനം ലഭ്യമാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2-4 മാനേജ്മെന്റ് ധനസഹായം

ഇല്ല

2-5 വായ്പ

ഇല്ല

2-6 ഓഡിറ്റ് റിക്കവറി

ഇല്ല

2-7 ജാമ്യസംഖ്യ

വരവ് സമാഹരണത്തിന്റേയും വില പിടിപ്പുള്ള വസ്തുവകകളുടേയും ചുമതലയുള്ള എല്ലാ ജീവനക്കാരിൽ നിന്നും 1951 ലെ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പ്, നിയമം സെക്ഷൻ 100(2)(വൈ) അനുശാസിക്കും വിധത്തിൽ ജാമ്യസംഖ്യ/കരുതൽ ധാരണാപത്രം ഈടാക്കേണ്ടതാണ്. ആയത് ഈടാക്കിയത് അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഭാഗം - 3

ചെലവിനങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 നിത്യനിദാന സമർപ്പണം നടപ്പിലാക്കി വഴിപാട് ചെലവ് പരിമിതപ്പെടുത്തിയത് അനുകരണീയം

ക്ഷേത്രത്തിലെ നിത്യതയ്ക്കായി വേണ്ടി വരുന്ന സാധനസാമഗ്രികളുടെ വിവരം ക്ഷേത്രം തന്ത്രിയുടെ അനുമതിയോടെ പട്ടികപ്പെടുത്തി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു ദിവസത്തേക്ക് രണ്ടു കിലോഗ്രാം ശർക്കര, രണ്ടു കിലോഗ്രാം അരി, രണ്ടു ലിറ്റർ എണ്ണ, അവൽ 200 ഗ്രാം, മുന്തിരി 100 ഗ്രാം, നെയ്യ് 100 ഗ്രാം, കർപ്പൂരം ഒരു പാക്കറ്റ് എന്നിങ്ങനെ ഭക്തൻമാരിൽ നിന്നും ദ്രവ്യങ്ങൾ നിത്യനിദാന സമർപ്പണമായി സ്വീകരിക്കുന്നുണ്ട്. ക്ഷേത്ര ജീവനക്കാരുൾപ്പെടെ തട്ടകത്തിലെ ഭക്തരിൽ നിന്നും 31 പേരെ കണ്ടെത്തുകയും ഊഴമനുസരിച്ച് ഓരോ മാസവും ഇവർ തന്നെ സാധനസാമഗ്രികൾ ക്ഷേത്രത്തിൽ എത്തിക്കുന്ന രീതിയുമാണ് അവലംബിച്ചു കാണുന്നത്. ഈ സമ്പ്രദായം നടപ്പിലാക്കുക വഴി ദേവസ്വത്തിന്റെ കലവറ ചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ജീവനക്കാർക്കൂടി ഭാഗഭാക്കായതിനാൽ ഈ ഉദ്യമം ഫലം കാണുകയും മുടക്കം വരാതെ തുടർന്നു വരുന്നുമുണ്ട്. നിത്യേനയുള്ള വഴിപാട് ആവശ്യങ്ങൾക്ക് വേണ്ടി വരുന്ന ചെലവ് നിലവിൽ വഴിപാട് വരവിന്റെ 16% മാത്രമാണ്. 2024 അവസാനത്തോടെ ക്ഷേത്ര ഫണ്ടിൽ ഇപ്രകാരം മിച്ചം വന്ന തുകയിൽ നിന്നും 42.50 ലക്ഷം രൂപ സ്ഥിരനിക്ഷേപമാക്കാനും സാധിച്ചു എന്നത് പ്രശംസനീയവും ഇതര ക്ഷേത്രങ്ങൾക്ക് മാതൃകയുമാണ്.

3-2 ഡിറ്റത്തിൽ വ്യവസ്ഥ ചെയ്ത് അംഗീകാരം വാങ്ങാതെ ഉൽസവാദി കാര്യങ്ങൾക്ക് ക്ഷേത്ര ഫണ്ട് വിനിയോഗിക്കുന്നത് ക്രമപ്രകാരമല്ല

ക്ഷേത്രത്തിൽ അംഗീകരിച്ച ഡിറ്റം ഇല്ല. ഹിന്ദുമത ധർമ്മ സ്ഥാപന നിയമം വകുപ്പ് 51 പ്രകാരം ക്ഷേത്രത്തിലെ നിത്യത, ആനുകാലികോൽസവം, വാർഷികോൽസവം എന്നിവയ്ക്ക ആവശ്യമായ സാധനങ്ങളുടെ അളവ്, തുക്കം മറ്റ് ചെലവ് വിവരങ്ങളുടെ തോത് ഇവ രേഖപ്പെടുത്തിയുള്ള ഡിറ്റം (പടിത്തരപ്പട്ടിക) തയ്യാറാക്കി (ദേവസ്വം കമ്മീഷണറുടെ 23-04-2004-ലെ HRH 6-2078/2004 ഉത്തരവിലെ നിർദ്ദേശ പ്രകാരം ഖരവസ്തുക്കൾ കിലോഗ്രാം സമ്പ്രദായത്തിലും ദ്രവ വസ്തുക്കൾ ലിറ്റർ, മില്ലി.ലിറ്റർ സമ്പ്രദായത്തിലും തയ്യാറാക്കി) ഭരണ വകുപ്പിൽ നിന്നും അംഗീകരിച്ച് വാങ്ങണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ക്ഷേത്രത്തിലെ താലപ്പൊലി, കൂത്ത്, കുമ്മാട്ടി, പ്രതിഷ്ഠാദിനം തുടങ്ങിയ ഉത്സവ വേളകളിൽ ദേവസ്വം നേരിട്ട് ചെലവു ചെയ്യുന്നുണ്ടെങ്കിലും അടിയന്തിരക്കാർക്കും മറ്റും നൽകേണ്ട വിഹിതം, ക്ഷേത്ര വിഹിതമായി നൽകേണ്ടതായ സാധനസാമഗ്രികൾ, ദക്ഷിണ എന്നിവ ക്ലിപ്തപ്പെടുത്തി ഭരണ വകുപ്പിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. നിത്യപൂജയ്ക്കും ഉൽസവങ്ങൾക്കും ദേവസ്വം ചെലവെഴുന്നത് ഡിറ്റത്തിൽ വ്യവസ്ഥ ചെയ്തതു പോലെയാവണം. ഈ നിർദ്ദേശം പാലിക്കാതെ തുടരുന്നത് ആശാസ്യമല്ല. പരിഹാര നടപടികൾ ഉണ്ടാവേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ എൻകയറിക്ക് (നമ്പർ 05/തിയ്യതി 27.09.2025) ഡിറ്റം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

3-3 അംഗീകാരമില്ലാത്ത തസ്തികയിൽ ആളെ നിയമിച്ച് വേതനം നൽകി വരുന്നത് ക്രമപ്രകാരമല്ല- വിശദീകരണം ആവശ്യപ്പെടുന്നു.

ശ്രീപാലക്കീഴ് ഭഗവതി ദേവസ്വത്തിൽ നിലവിൽ 5 തസ്തികകൾക്ക് അംഗീകാരമുണ്ട്. ഓഡിറ്റ് കാലയളവിൽ ഇവരെ കൂടാതെ ഒരു രാത്രികാല വാച്ച്മാൻ, തിരുവുടയാട എന്നീ അനുവദിച്ചിട്ടില്ലാത്ത തസ്തികകളിൽ കൂടി ആളെ നിയമിച്ച് വേതനം നൽകി വന്നിട്ടുണ്ട്. എന്നാൽ ഈ നിയമനങ്ങൾക്ക് ദേവസ്വം ബോർഡിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ല. മേൽപ്പറഞ്ഞ രണ്ട് തസ്തികകൾക്കും പ്രതിദിനം 100/-രൂപ തോതിലാണ് നിലവിലും നൽകി വരുന്നത്. ഓഡിറ്റ് കാലയളവിൽ രാത്രികാല വാച്ച്മാൻ തസ്തികയ്ക്കും, തിരുവുടയാട തസ്തികയ്ക്കും വേതനം നൽകിയതിന്റെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

തസ്തിക	2020	2021	2022	2023	2024	ആകെ
തിരുവുടയാട	33000	33500	32500	33500	33500	**166000**
രാത്രി കാവൽ	30500	38500	39500	39500	39500	**187500**

ഒട്ടാകെ-166000 + 187500 = 353500/-

ജീവനക്കാരുടെ ശമ്പളച്ചെലവുകൾ ക്ഷേത്രത്തിന്റെ സാമ്പത്തിക ശേഷിയെ ദോഷകരമായി ബാധിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 2024 വർഷത്തെ ശമ്പള ചെലവ് 2031034/- രൂപയാണ്. ആകെ വരവിന്റെ 40% തുകയും ശമ്പളച്ചെലവാണ്. ശമ്പള പരിഷ്കരണത്തെ തുടർന്ന് ജീവനക്കാരുടെ ശമ്പള വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി മിതവ്യയം അനുവർത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കമ്മീഷണറുടെ മുൻകൂർ അനുവാദമില്ലാതെ അംഗീകൃത തസ്തികകളിലോ, പുതിയ തസ്തികകൾ സൃഷ്ടിച്ചോ ദിവസക്കൂലി അടിസ്ഥാനത്തിലുൾപ്പെടെയുള്ള നിയമനം നടത്തുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്ക് അധികാരം ഉണ്ടായിരിക്കുന്നതല്ല എന്ന് 15.10.2010 തിയതിയിലെ സർക്കുലർ നമ്പർ ജെ8-7347/2010MDB-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ **2 തിയതി 25.09.2025)** ലഭ്യമാക്കിയ മറുപടിയിൽ തിരുവുടയാട അടിയന്തിരമായതിനാൽ ഒഴിവാക്കാനാവത്തതാണെന്നും നിലവിൽ ഒരു ദിവസം നൂറു രൂപ തോതിൽ മാത്രമാണ് ഇവർക്ക് നൽകി വരുന്നതെന്നും അറിയിച്ചിട്ടുണ്ട്. രാത്രി കാവലിന്റെ കാര്യത്തിലും ദിനവേതനം നൂറു രൂപ മാത്രമാണ്. ക്ഷേത്രം സ്ഥിതി ചെയ്യുന്നത് ജനവാസം കുറവായതും ഒറ്റപ്പെട്ട ഇടത്തിലുമായതിനാൽ ഈ തസ്തികയും അനിവാര്യമാണ് എന്നറിയിക്കുകയും നിലവിലെ സ്ഥിതി തുടരാൻ അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ സാധൂകരണം ലഭ്യമാവും വരെ നൽകിയ തുക **3,53,500/- തടസ്സപ്പെടുത്തുന്നു**

3-4 അംശാദായം

ഇല്ല

3-5 ക്ഷേമനിധി

ഓഡിറ്റ് കാലയളവിൽ ഈയിനത്തിൽ അടവാക്കിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വർഷം	വൗച്ചർ നമ്പർ/ തിയ്യതി	ചെക്ക് നമ്പർ/തിയ്യതി	തുക	രസീതി നമ്പർ/ തിയ്യതി
2021	27/11.1.21	376584/8.1.21	25000	12013/8.1.21
2023	127/25.5.23	148085/9.5.23	50000	007445/9.5.23
2024	156/21.6.2	327181/20.6.24	50000	17671/20.6.24

3-6 ഓഡിറ്റ് ചാർജ്

തൻവർഷം ഈ ഇനത്തിൽ തുകയൊന്നും അടവാക്കിയിട്ടില്ല. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 19 പ്രകാരവും 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരവും താഴെപറയുന്ന വിധം ഒടുക്കാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ് 0070-60-110-98 എന്ന ഖജാന ശീർഷകത്തിൽ ചലാൻ മുഖാന്തിരം ഖജനാവിൽ ഒടുക്കേണ്ടതാണ്. ഒടുക്കേണ്ട ഓഡിറ്റ് ചാർജിന്റെ വിവരം ചുവടെ കൊടുക്കുന്നു.

വർഷം	സാധാരണ വരുമാനം	ഓഡിറ്റ് ചാർജ്ജ് നിരക്ക്	ഓഡിറ്റ് ചാർജ്ജ്
2020	2366581.14	1%	23666
2021	2675208.00	1%	26752
2022	4001196.00	1%	40012
2023	4960369.00	1%	49604
2024	5175451.00	1%	51755
2021 മുതൽ 2024 വരെയുള്ള ഉത്സവങ്ങൾ (കെ.എസ്.എ/എംഎൽപി3/746/25 തീയതി 10.11.25) ഖണ്ഡിക 3-2 കാണുക		1%	22941
		ആകെ	**214730**
		മുൻബാക്കി	**214544**
		ഒടുക്കിയ തുക	0
		ഒടുക്കാൻ ബാക്കി	**429274**

ഒടുക്കാൻ ബാക്കിയുള്ള തുകകളുടെ വിശദവിവരം

വർഷം	തുക
2006	2430.00
2007	8131.00
2008	8223.00
2009	അടവാക്കിയിട്ടുണ്ട്*
2010	അടവാക്കിയിട്ടുണ്ട്*
2011	13170.00

2012	14535.00
2013	17835.00
2014	21593.00
2015	22453.00
2016	24192.00
2017	22140.00
2018	23722.00
2019	36120.00
2020	23666.00
2021	26752.00
2022	40012.00
2023	49604.00
2024	51755.00
2021 മുതൽ 2024 വരെയുള്ള ഉത്സവങ്ങൾ	22941
ആകെ	**429274**

ഓഡിറ്റ് ചാർജ് അടിയന്തിരമായി ഒടുക്കേണ്ടതും തുക അടവാക്കിയ ചലാന്റെ പകർപ്പ്/GRN/Reference no എന്നിവയിൽ ഏതിന്റെയെങ്കിലും വിവരം പരിശോധനക്കായി ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതുമാണ്.

ഭാഗം – 4

ഓഡിറ്റ് പ്രത്യവലോകനം

4-1 ധനസ്ഥിതി

വർഷം	2020	2021	2022	2023	2024
മുന്നിരിപ്പ്	932094.98	851987.22	393824.97	1005581.3	460556.2
തൻവർഷ വരവ്	2366581.14	2675208.00	4021196	4960369.00	5175451.00
ആകെ വരവ്	3298676.12	3527195.22	4415020.97	5965950.3	5636007.2
ആകെ ചെലവ്	2446688.90	3133370.25	3409439.67	5505394.10	4655561.40
നീക്കിയിരിപ്പ്	851987.22	393824.97	1005581.3	460556.2	980445.8

4-2 ഓഡിറ്റ് അവലോകനം

	2020	2021	2022	2023	2024
ആകെ വരവ്	2366581.14	2675208.00	4021196	4960369.00	5175451.00
ആകെ ചെലവ്	2446688.90	3133370.25	3409439.67	5505394.10	4655561.40

ആകെ നിരാകരിച്ച തുക - ഇല്ല

തടസ്സപ്പെടുത്തിയ തുക - 3,53,500/-

നഷ്ടമായ തുക - ഇല്ല

4-3 ക്ഷേത്രഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം : ഇല്ല

4-4 കേന്ദ്ര/സംസ്ഥാന സർക്കാരിനുണ്ടായ വ്യക്തമായ നഷ്ടം : ഇല്ല

4-5 നിർമ്മാണ തൊഴിലാളി ക്ഷേമനിധിക്കുള്ള നഷ്ടം : ഇല്ല

4-6 നഷ്ടം നിർണ്ണയിക്കാൻ കൂടുതൽ അന്വേഷണം ആവശ്യമായവ : ഇല്ല

4-7 ഓഡിറ്റിൽ തുക നിരാകരിച്ചതിന്റേയും തടസ്സപ്പെടുത്തിയതിന്റേയും വിവരം

ക്രമ നമ്പർ	ഖണ്ഡിക നമ്പർ	നിരാകരിച്ച തുക	തടസ്സപ്പെടുത്തിയ തുക
1	3-3	-	353500

4-8 നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസവും സ്ഥിരം മേൽവിലാസവും

ഇല്ല

4-9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പാർട്ടുകളുടെ വിവരം

വർഷം	തടസ്സവാദങ്ങളുടെ എണ്ണം	നിരാകരിച്ച തുക	വരവിലെ നഷ്ടം	തടസ്സപ്പെടുത്തിയ തുക
2004-06	5	5000.00	596.00	37845.00
2007-08	9	4341.00	4013.52	115725.00
2009-10 *	4	-	-	58441.00
2011-13	2	-	-	151685.00
2014-2019	6	0	110757.00	358990.00
ആകെ	**21**	**9431.00**	**115366.52**	**722686.00**

4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് കാലയളവിൽ ചാർജ്/സർചാർജ് നടപടികളിലൂടെ തുകയൊന്നും അടവാക്കിയിട്ടില്ല.

4-11 അനുബന്ധങ്ങൾ

വരവു ചെലവു പത്രിക, സ്ഥിരനിക്ഷേപങ്ങളുടെ പത്രിക, ചോദ്യാവലി.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-1

ശ്രീപാലക്കീഴ് ഭഗവതി ക്ഷേത്രം, മുണ്ടൂർ

വരവ് ചിലവ് പത്രിക 2020

വരവ്	തുക	ചെലവ്	തുക
മുന്നിരിഷ് - പണം-57240.00 ബാങ്ക്-874854.98	**932094.98**	ശമ്പളം	1286940.00
വഴിപാട്	1294283.00	താൽക്കലിക വേതനം	130200.00
ഭണ്ഡാരം	294305.00	നിത്യത ,സ്റ്റോർ, പാൽ, ഗ്യാസം	248289.00
സംഭാവന	390270.00	അച്ചടി	13845.00
മണ്ഡപം വാടക,അഡ്വാൻസ്	216500.00	ഫോൺ	1771.00
NEFT,ചെക്ക് വരവ്	148255.14	വൈദ്യുതി	45384.00
പലിശ	22968.00	വാർഷിക ഉത്സവങ്ങൾ	87525.00
		ആനുകാലിക വിശേഷങ്ങൾ	2050.00
		വാർഷിക മരാമത്ത്	50715.00
		ചില്ലറ മരാമത്ത്	19850.00
സാധാരണ വരവ്	**2366581.14**	കമ്പ്യൂട്ടർവത്കരണം	107250.00
		സ്റ്റേഷനറി	12123.00
		നികുതി	107010.00
		കൂലി	11750.00
		ജനറേറ്റർ	294062.00
		ബാങ്ക് ചാർജ്ജ്	631.90
		മണ്ഡപം, അഡ്വാൻസ് തിരിച്ചു നൽകിയത്	2000.00
		പലവക	25293.00
		സാധാരണ ചെലവ്	**2446688.90**
ആകെ വരവ്	**2366581.14**	**ആകെ ചെലവ്**	**2446688.90**
		നീക്കിയിരുപ്പ്-പണം- 7861.00 ബാങ്ക്- 844126.22	851987.22
മുന്നിരിപ്പുൾപ്പെടെ ആകെ വരവ്	**3298676.12**	**നീക്കിയിരുപ്പുൾപ്പെടെ ആകെ ചെലവ്**	**3298676.12**

നീക്കിയിരിപ്പിന്റെ വിശദാംശം 31.12.2020

ബാങ്ക്	അക്കൗണ്ട് നമ്പർ	തുക
പഞ്ചാബ് നാഷണൽ ബാങ്ക്, മുണ്ടൂർ	4318000100000775	842039.22
ജില്ല ട്രഷറി, പാലക്കാട്	TSB 3973	2087.00
കയ്യിരിപ്പ് പണം		7861.00
	ആകെ	**851987.22**

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീപാലക്കിഴ് ഭഗവതി ക്ഷേത്രം, മുണ്ടൂർ

വരവ് ചിലവ് പത്രിക 2021

വരവ്	തുക	ചെലവ്	തുക
മുന്നിരുപ്പ്-പണം- 7861.00 ബാങ്ക്- 844126.22	851987.22	ശമ്പളം	1545580.00
വഴിപാട്	1859425.00	താൽക്കലിക വേതനം	137700.00
സംഭാവന	238420.00	നിത്യത, സ്റ്റോർ	362061.00
ഭണ്ഡാരം	335140.00	അച്ചടി	22450.00
മണ്ഡപം വാടക,അഡ്വാൻസ്	210500.00	ഫോൺ	4157.00
പലിശ	16856.00	വൈദ്യുതി	42203.00
NEFT,ചെക്ക് വരവ്	14867.00	വാർഷിക ഉത്സവങ്ങൾ	381530.00
എഫ്ഡി പലിശ		ആനുകാലിക വിശേഷങ്ങൾ	25159.00
		വാർഷിക മരാമത്ത്	77470.00
		ചില്ലറ മരാമത്ത്	30124.00
		സ്റ്റേഷനറി	14801.00
		നികുതി	24762.00
		കൂലി	33460.00
		അംശാദായം	25000.00
		പലവക	56842.00
		ബാങ്ക് ചാർജ്ജ്	71.25
സാധാരണ വരവ്	**2675208.00**	**സാധാരണ ചെലവ്**	**2783370.25**
		സ്ഥിര നിക്ഷേപം പുതിയത്	**350000**
ആകെ വരവ്	**2675208.00**	**ആകെ ചെലവ്**	**3133370.25**
		നീക്കിയിരുപ്പ്-പണം- 4785.00 ബാങ്ക്- 389039.97	393824.97
മുന്നിരിപ്പുൾപ്പെടെ ആകെ വരവ്	**3527195.22**	**നീക്കിയിരുപ്പുൾപ്പെടെ ആകെ ചെലവ്**	**3527195.22**

നീക്കിയിരിപ്പിന്റെ വിശദാംശം 31.12.2021

ബാങ്ക്	അക്കൗണ്ട് നമ്പർ	തുക
പഞ്ചാബ് നാഷണൽ ബാങ്ക്, മുണ്ടൂർ	4318000100000775	386952.97
ജില്ല ട്രഷറി, പാലക്കാട്	TSB 3973	2087.00
കയ്യിരിപ്പ് പണം		4785.00
	ആകെ	**393824.97**

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീപാലക്കീഴ് ഭഗവതി ക്ഷേത്രം, മുണ്ടൂർ
വരവ് ചിലവ് പത്രിക 2022

വരവ്	**തുക**	**ചെലവ്**	**തുക**
മുന്നിരുപ്പ്-പണം- 4785.00 ബാങ്ക്- 389039.97	393824.97	ശമ്പളം	1730652.00
വഴിപാട്	2634303.00	താൽക്കലിക വേതനം	137700.00
സംഭാവന	215395.00	നിത്യത ,സ്റ്റോർ	783390.00
ഭണ്ഡാരം	652357.00	അച്ചടി	5320.00
മണ്ഡപം വാടക,അഡ്വാൻസ്	444000.00	ഫോൺ	5381.00
NEFT,ചെക്ക് വരവ്	14553.00	വൈദ്യുതി	59484.00
പലിശ	9912.00	വാർഷിക ഉത്സവങ്ങൾ	219867.00
എഫ്ഡി പലിശ	30676.00	ആനുകാലിക വിശേഷങ്ങൾ	30899.00
		ചില്ലറ മരാമത്ത്	33890.00
		സ്റ്റേഷനറി	10035.00
		നികുതി	49431.00
		കൂലി	62280.00
		പലവക	30090.00
		ബാങ്ക് ചാർജ്ജ്	344.67
സാധാരണ വരവ്	**4001196.00**	**സാധാരണ ചെലവ്**	**3158763.67**
ജാമ്യനിക്ഷേപം വരവ്	20000.00	**സ്ഥിര നിക്ഷേപം പുതിയത്**	**200000.00**
		ജാമ്യ നിക്ഷേപം	**20000.00**
		പലിശ (എഫ്ഡി) നിക്ഷേപം	**30676.00**
ആകെ വരവ്	**4021196.00**	**ആകെ ചെലവ്**	**3409439.67**
		നീക്കിയിരുപ്പ്-പണം- 1560.00 ബാങ്ക്- 1004021.30	1005581.30
മുന്നിരിപ്പുൾപ്പെടെ ആകെ വരവ്	**4415020.97**	**നീക്കിയിരുപ്പുൾപ്പെടെ ആകെ ചെലവ്**	**4415020.97**

നീക്കിയിരിപ്പിന്റെ വിശദാംശം 31.12.2022

ബാങ്ക്	അക്കൗണ്ട് നമ്പർ	തുക
പഞ്ചാബ് നാഷണൽ ബാങ്ക്, മുണ്ടൂർ	4318000100000775	1001934.30
ജില്ല ട്രഷറി, പാലക്കാട്	TSB 3973	2087.00
കയ്യിരിപ്പ് പണം		1560.00
	ആകെ	**1005581.30**

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീപാലക്കീഴ് ഭഗവതി ക്ഷേത്രം, മുണ്ടൂർ
വരവ് ചിലവ് പത്രിക 2023

വരവ്	തുക	ചെലവ്	തുക
മുന്നിരുപ്പ്-പണം- 1560.00 ബാങ്ക്- 1004021.30	1005581.30	ശമ്പളം	1652208.00
വഴിപാട്	3386432.00	താൽക്കലിക വേതനം	141200.00
സംഭാവന	162360.00	നിത്യത ,സ്റ്റോർ, വിളക്കുവെപ്പ്	505048.00
ഭണ്ഡാരം	885987.00	അച്ചടി	9040.00
മണ്ഡപം വാടക,അഡ്വാൻസ്	429000.00	ടെലഫോൺ	7478.00
NEFT,ചെക്ക്, IMPS	28025.00	വൈദ്യുതി	78922.00
പലിശ	23764.00	വാർഷിക ഉത്സവങ്ങൾ	227353.00
എഫ്ഡി പലിശ	44801.00	ആനുകാലിക വിശേഷങ്ങൾ	40800.00
		വാർഷിക മരാമത്ത്	91558.00
		ചില്ലറ മരാമത്ത്	12171.00
		സ്റ്റേഷനറി	10972.00
		കൂലി	51630.00
		പലവക	50980.00
		ക്ഷേമനിധി	50000.00
		ബാങ്ക് ചാർജ്ജ്	1233.10
സാധാരണ വരവ്	**4960369.00**	**സാധാരണ ചെലവ്**	**2930593.10**
		സ്ഥിര നിക്ഷേപം പുതിയത്	**2530000.00**
		പലിശ (എഫ്ഡി) നിക്ഷേപം	**44801.00**
ആകെ വരവ്	**4960369.00**	**ആകെ ചെലവ്**	**5505394.10**
		നീക്കിയിരുപ്പ്-പണം- 7205.00 ബാങ്ക്- 453351.20	460556.20
മുന്നിരിപ്പുൾപ്പെടെ ആകെ വരവ്	**5965950.30**	**നീക്കിയിരുപ്പുൾപ്പെടെ ആകെ ചെലവ്**	**5965950.30**

നീക്കിയിരിപ്പിന്റെ വിശദാംശം 31.12.2023

ബാങ്ക്	അക്കൗണ്ട് നമ്പർ		തുക
മുണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക്	15215		8348.00
ട്രഷറി	TSB 3973		2087.00
പഞ്ചാബ് നാഷണൽ ബാങ്ക്, മുണ്ടൂർ	4318000100000775	442566.20	442916.20
29.12.2023, 31.12.2023 എന്നീ തിയ്യതികളിൽ ദേവസ്വത്തിൽ NEFT മുഖേന വന്നതും ബാങ്കിൽ ക്രെഡിറ്റ് ആവാത്തതുമായ തുക (150+200)		(+)350.00	
കയ്യിരിപ്പ് പണം			7205.00
		ആകെ	**460556.20**

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ശ്രീപാലക്കിഴ് ഭഗവതി ക്ഷേത്രം, മുണ്ടൂർ

വരവ് ചിലവ് പത്രിക 2024

വരവ്	**തുക**	**ചെലവ്**	**തുക**
നീക്കിയിരുപ്പ്-പണം- 7205.00 ബാങ്ക്- 453351.20	460556.20	ശമ്പളം	1927434.00
വഴിപാട്	3506028.00	താൽക്കലിക ജീവനക്കാർക്ക് വേതനം	103600.00
സംഭാവന	239139.00	നിത്യത ,സ്റ്റോർ, വിളക്കുവെപ്പ്	584086.00
ഭണ്ഡാരം	743898.00	വാർഷിക ഉത്സവങ്ങൾ	436205.00
മണ്ഡപം വാടക,അഡ്വാൻസ്	489101.00	ആനുകാലിക വിശേഷങ്ങൾ	71745.00
NEFT,ചെക്ക്, IMPS	30661.00	വാർഷിക മരാമത്ത്	86797.00
പലിശ	20502.00	ചില്ലറ മരാമത്ത്	47897.00
എഫ്ഡി പലിശ	146122.00	കൂലി	79400.00
		ക്ഷേമനിധി	50000.00
		ടെലഫോൺ	6060.00
		വൈദ്യുതി	74310.00
		സ്റ്റേഷനറി	17332.00
		പലവക	19976.00
		ബാങ്ക് ചാർജ്ജ്	920.40
		നികുതി	53677.00
സാധാരണ വരവ്	**5175451.00**	**സാധാരണ ചെലവ്**	**3559439.40**
		സ്ഥിര നിക്ഷേപം പുതിയത്	**950000.00**
		പലിശ (എഫ്ഡി) നിക്ഷേപം	**146122.00**
ആകെ വരവ്	**5175451.00**	**ആകെ ചെലവ്**	**4655561.40**
		നീക്കിയിരുപ്പ്-പണം- 26100.00 ബാങ്ക്- 954345.80	980445.80
മുന്നിരിപ്പുൾപ്പെടെ ആകെ വരവ്	**5636007.20**	**നീക്കിയിരുപ്പുൾപ്പെടെ ആകെ ചെലവ്**	**5636007.20**

നീക്കിയിരിപ്പിന്റെ വിശദാംശം 31.12.2024

ബാങ്ക്	അക്കൗണ്ട് നമ്പർ	തുക
പഞ്ചാബ് നാഷണൽ ബാങ്ക്, മുണ്ടൂർ	4318000100000775	947786.80
ജില്ല ട്രഷറി, പാലക്കാട്	TSB 3973	2087.00
മുണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക്	15215	4472.00
കയ്യിരിപ്പ് പണം		26100.80
	ആകെ	**980446.60**

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-2

ശ്രീപാലക്കീഴ് ഭഗവതി ദേവസ്വം

സ്ഥിരനിക്ഷേപ പത്രിക- 31.12.2024

ക്രമ നമ്പർ	നിക്ഷേപ വിവരം	തുക	പലിശ	കാലാവധി	റിമാർക്സ്
I	മുണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് , മുണ്ടൂർ				
1	101140010117663 dt.29.05.2024	240061	8.25%	29.05.2025	
2	101140010118815 dt.03.08.2024	119986	8.25%	03.08.2025	
3	101140010117664 dt.05.08.2023	188425	7%	29.05.2025	
4	101140010117665 dt.29.05.2024	112710	8.25%	29.05.2025	
5	101140010117666 dt.29.05.2024	108815	8.25%	29.05.2025	
6	101140010117667 dt.29.05.2024	108815	8.25%	29.05.2025	
7	101140010117668 dt.29.05.2024	108815	8.25%	29.05.2025	
8	101140010117669 dt.29.05.2024	108815	8.25%	29.05.2025	
9	101140010117670 dt.29.05.2024	108815	8.25%	29.05.2025	
10	101140010117671 dt.29.05.2024	108815	8.25%	29.05.2025	
11	101140010117672 dt.29.05.2024	54408	8.25%	29.05.2025	
12	101140010113745 dt.30.12.2023	230,000	8.25%	30.12.2024	
13	101140010117694 dt.31.05.2024	300000	8.25%	31.05.2025	New fd 2024
14	101140010118884 dt.06.09.2024	450000	8.25%	06.09.2025	New fd 2024
		2348480			

II	പഞ്ചാബ് നാഷണൽ ബാങ്ക്, മുണ്ടൂർ				
15	642010043 dt.31.08.2024	703119	6.80%	02.11.2025	
16	642010043 dt.30.12.2023	10,00000	7.25%	18.03.2025	
17	101963836 18.09.2024	200000	7.25%	23.10.2025	New 2024
	ആകെ	1903119			
	ആകെ മൊത്തം	**4251599**			

	വർഷം	**2021**	**2022**	**2023**	**2024**
1	മുന്നിരിപ്പ്	**0**	**350000**	**580676**	**3155477**
2	തിരിച്ചുവരവ്	**0**	**350000**	**367167**	**1300000**
3	ബാക്കി (1)-(2)	0	0	**213509**	**1855477**
4	കാലാവധിയായി വന്ന FD കൾ പുനർ നിക്ഷേപിച്ചത് (മുതൽ)	0	350000	**367167**	**1300000**
5	പലിശ നിക്ഷേപം	0	30676	44801	146122
6	പുതിയ നിക്ഷേപം	350000	200000	2530000	950000
	ആകെ സ്ഥിരനിക്ഷേപം (3)+(4)+(5)+(6)	**350000**	**580676**	**3155477**	**4251599**
	പിൻവലിച്ചത്	**0**	**0**	**0**	**0**
	ബാക്കി	**350000**	**580676**	**3155477**	**4251599**

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

എൻഡോവ്മെന്റ്, ജാമ്യനിക്ഷേപ പത്രിക- 31.12.2024

ക്രമ നമ്പർ	നിക്ഷേപ വിവരം	തുക	പലിശ	കാലാവധി	റിമാർക്സ്
1) മുണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് (എൻഡോവ്മെന്റ്)					
1	5027/dt.02.04.13	5000.00	15.5%	02.05.2015	പുതുക്കിയിട്ടില്ല
2	5002/dt.16.03.13	4000.00	15.5%	16.04.2015	പുതുക്കിയിട്ടില്ല
	ആകെ	**9000.00**			
2) പഞ്ചാബ് നാഷണൽ ബാങ്ക്, മുണ്ടൂർ (എൻഡോവ്മെന്റ് നിക്ഷേപം)					
1	4318005300100010 / dt.18.11.2015	5000.00	7.25%	18.11.2025	
2	431800/py00000014/dt.04.12.2020	26613	5.25%	04.12.2030	വാക്കിയിൽ നാരായണിയമ്മ
	ആകെ	**31613.00**			
3) പഞ്ചാബ് നാഷണൽ ബാങ്ക്, മുണ്ടൂർ (ജാമ്യനിക്ഷേപം)					
1	4318003100195010 dt.21.05.18	1461	6.25%	15.01.2026	ശ്രീ.രാജേഷ്.പി.ജി. കഴകം
2	4318003100194010 dt.21.05.18	1461	6.25%	15.01.2026	
		2922.00			
4) മുണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് (ജാമ്യനിക്ഷേപം)					
1	101140010102041 dt.30.08.2022	**5000**	7%	26.08.2023	New 2022 ശ്രീ.മുരളീധരൻ ശാന്തി
2	101140010102042 dt.30.08.2022	**5000**	7%	26.08.2023	New 2022 ശ്രീ.കൃഷ്ണകുമാർ ശാന്തി
3	101140010102043 dt.30.08.2022	**5000**	7%	26.08.2023	New 2022 ശ്രീ. ഉത്സാഹ് ക്ലാർക്ക്
4	101140010102044 dt.30.08.2022	**5000**	7%	26.08.2023	New 2022 ശ്രീമതി. ദൈവാന അടിച്ചുതളി
	ആകെ	**20,000**			

എൻഡോവ്മെന്റ് , ജാമ്യനിക്ഷേപ സംഗ്രഹം

1) മുണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് (എൻഡോവ്മെന്റ്)	9000.00
2) പഞ്ചാബ് നാഷണൽ ബാങ്ക്, മുണ്ടൂർ (എൻഡോവ്മെന്റ്)	31613.00
3) പഞ്ചാബ് നാഷണൽ ബാങ്ക്, മുണ്ടൂർ (ജാമ്യനിക്ഷേപം)	2922.00
4) മുണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് (ജാമ്യനിക്ഷേപം)	20000.00

	63535.00
	========

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ചോദ്യാവലി

(1951-ലെ ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ വകുപ്പ് 100(2) (എൻ) ചട്ടം 5 പ്രകാരം പുറപ്പെടുവിക്കുന്ന ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളുടെ കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ കൂടെ സമർപ്പിക്കേണ്ടത്)

സ്ഥാപനത്തിന്റെ പേര് : **ശ്രീപാലക്കീഴ് ഭഗവതി ദേവസ്വം**

ഓഡിറ്റ് കാലയളവ് : 2020 മുതൽ 2024 വരെ

(ക)	കമ്മീഷണർ സൂക്ഷിക്കാനാവശ്യപ്പെട്ട പ്രകാരമുള്ള അക്കൗണ്ടുകളും രജിസ്റ്ററുകളും സൂക്ഷിച്ചിട്ടുണ്ടോയെന്ന്	ഖണ്ഡിക 1-10 കാണുക
(ഖ)	സ്ഥാപനത്തിന്റെ ആവശ്യത്തിനായി ഉപയോഗിക്കാത്ത എല്ലാ സ്ഥാവര വസ്തുക്കളും, മത്സ്യബന്ധനാവകാശം, ഗ്രാമീണ കുളങ്ങളിൽ വളരുന്ന നീളമേറിയ പുല്ലിന്മേലുള്ള അവകാശം, വൃക്ഷങ്ങളുടെ ഫലങ്ങളിന്മേലുള്ള അവകാശം തുടങ്ങിയവ നിർദ്ദിഷ്ട രീതിയിലും സ്ഥാപനത്തിന്റെ നേട്ടത്തിനുതകും വണ്ണവും പാട്ടത്തിനു നൽകിയിട്ടുണ്ടോയെന്നും എല്ലാ സംഗതികളിലും പാട്ടക്കരാർ നടപ്പാക്കിയിട്ടുണ്ടോയെന്നും ഏതെങ്കിലും സംഗതിയിൽ അത്തരം വസ്തു വകകൾ പാട്ടത്തിനു നൽകാതിരിക്കുകയോ പാട്ടക്കരാർ നടപ്പിൽ വരുത്താതിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം സംഗതികളുടെ വിവരം	1.1.1970 മുതൽ ദേവസ്വം പാട്ടഭൂമി സർക്കാരിൽ നിക്ഷിപ്തമാണ്.
(ഗ)	സ്ഥാപനത്തിലേക്ക് വരേണ്ടുന്ന വിവിധ രീതിയിലുള്ള വരുമാനങ്ങൾ യഥാസമയം മുതൽകൂട്ടിയിട്ടുണ്ടോ, കാലപരിധി ലംഘിച്ച തുകകൾ തിരിച്ചീടാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ഇല്ലായെങ്കിൽ ഏതൊരു സംഗതികളിലാണ് അത്തരം നടപടി സ്വീകരിക്കാതിരുന്നത് എന്നത്	ഉണ്ട്
(ഘ)	ഏതെങ്കിലും അവകാശവാദങ്ങൾ കാലഹരണ നിയമപ്രകാരം കാലഹരണപ്പെട്ടുപോയി എങ്കിൽ അത്തരം സംഗതികളുടെ വിവരം	ഇല്ല
(ങ)	എല്ലാ വരവുകളും കാലവിളംബം കൂടാതെ കണക്കിൽ വരുത്തിയിട്ടുണ്ടോ എന്നത്	ഉണ്ട്
(ച)	ഏതെങ്കിലും അവകാശവാദങ്ങൾ എഴുതി തള്ളിയിട്ടുണ്ടെങ്കിൽ, അത് എത്രയെന്നും എന്തിന്റെ അടിസ്ഥാനത്തിലെന്നും	ഇല്ല
(ഛ)	അംഗീകൃത ബജറ്റിനനുസൃതമായാണോ ചെലവുകൾ എന്നും, പ്രസ്തുത ബജറ്റിൽ നിന്നും വല്ല വ്യതിയാനവുമുണ്ടെങ്കിൽ ആയവ എന്തെന്നും	ഖണ്ഡിക 1-1 കാണുക
(ജ)	എല്ലാ ചെലവിനങ്ങളും അതുമായി ബന്ധപ്പെട്ട അധികാരി അനുവദിച്ചിട്ടുണ്ടോയെന്നും അതിന് ഉപോൽബലകമായി ശരിയായ വൗച്ചറുകൾ ഉണ്ടോയെന്നും	ഉണ്ട്
(ഝ)	ഏതെങ്കിലും ചെലവിനം ഓഡിറ്ററുടെ അഭിപ്രായത്തിൽ പ്രഥമദൃഷ്ട്യാ പാഴ്ചെലവാണോയെന്ന്.	അല്ല
(ഞ)	സ്ഥാപനത്തിന്റേതല്ലാത്ത ആവശ്യത്തിന് ഏതെങ്കിലും ഫണ്ടുകളും വസ്തുവകകളും വകമാറ്റിയിട്ടുണ്ടോയെന്ന്	ഇല്ല

(ട)	മുൻകൂർ സംഖ്യകൾ തിരിച്ചുപിടിക്കുകയോ, താമസംവിനാ ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന്.	ഉണ്ട്
(ഠ)	അടിയന്തിരചെലവിന് ആവശ്യമില്ലാത്ത തുക ബാങ്കിൽ അടച്ചിട്ടുണ്ടോ എന്നും അധിക ഫണ്ടുകൾ നിക്ഷേപിച്ചിട്ടുണ്ടോയെന്നും	ഉണ്ട്
(ഡ)	എല്ലാ സംഭാവനകളും കാണിക്കവസ്തുക്കളും കണക്കിൽ വരവു വെച്ചിട്ടുണ്ടോയെന്ന്	ഉണ്ട്
(ഢ)	കെട്ടിട പ്രവൃത്തികളുടെ കാര്യത്തിൽ അന്തിമ ഗഡു തീർപ്പാക്കുതിന് മുന്നേ അളവു പരിശോധന നടത്തിയിട്ടുണ്ടോയെന്നും, കൂടാതെ ആവശ്യമായ അനുബന്ധ കണക്കുകളും, അളവ് പുസ്തകം, നീക്കയിരുപ്പ് പുസ്തകം, കൂലിപട്ടിക തുടങ്ങിയ രജിസ്റ്ററുകളും, ദർഘാസ്, സമ്മതപത്രം മുതലായവയും സൂക്ഷിച്ചിട്ടുണ്ടോയെന്നും	ഉണ്ട്
(ണ)	വരവു സമാഹരണത്തിന്റെയോ, വിലപിടിപ്പുള്ള വസ്തുവകകളുടെയോ ചുമതലയുള്ള ജീവനക്കാരിൽനിന്നും കരുതൽ ധനം സ്വീകരിച്ചിട്ടുണ്ടോയെന്നും കരുതൽ ധാരണപത്രം തയ്യാറാക്കിയിട്ടുണ്ടോയെന്നും	ഉണ്ട്
(സ)	സ്ഥാപനം ഭരിക്കപ്പെടുന്നത് ഏതെങ്കിലും പദ്ധതി പ്രകാരമോ, വിജ്ഞാപന പ്രകാരം തയ്യാറാക്കിയ ചട്ടങ്ങൾ പ്രകാരമോ ആണെങ്കിൽ ഏതെങ്കിലും പദ്ധതി നിർദ്ദേശങ്ങളിൽ വല്ല ലംഘനവും ഉണ്ടായിട്ടുണ്ടോയെന്ന്.	ക്ഷേത്ര ഭരണത്തിനായി പ്രത്യേക സ്കീം നിലവിലില്ല

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ